പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2515 27-10-2026-ൽ മറുപടിയ്ക്ക്

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത ടി.സി.എസ് സോഫ്റ്റ്വെയർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എ. പ്രഭാകരൻ	ശ്രീ. എം. ലിജു (സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനായി മുൻ സർക്കാർ ടി.സി.എസ്. കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

മറുപടി: മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കാനുള്ള ആദ്യ ടെൻഡർ 23.01.2021ന് e-tender websiteൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ടെൻഡർ പ്രക്രിയയിൽ പങ്കെടുത്ത് ഒരു കമ്പനിയും ബിഡ് സമർപ്പിച്ചില്ല. തുടർന്ന് ടെൻഡർ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് പുതുക്കിയ ടെൻഡർ 18.12.2021-ന് e-tender websiteൽ പ്രസിദ്ധീകരിച്ചു. ടാറ്റാ കൺസൾട്ടൻസി സർവീസസ് (TCS) മാത്രമാണ് പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത് ബിഡ് സമർപ്പിച്ചത്. എന്നാൽ ടെണ്ടർ നടപടികളിൽ നിന്ന് പിൻവാങ്ങുകയാണെന്ന് 21.10.2024-ന് TCS ഔദ്യോഗികമായി അറിയിച്ചു.

08.10.2025-ലെ G.O.(Rt)No. 433/2025/Co-Op ഉത്തരവ് പ്രകാരം TCS പങ്കെടുത്ത ഏകീകൃത സോഫ്റ്റ് വെയറിനായുള്ള ടെൻഡർ നടപടികൾ അവസാനിപ്പിക്കാനും, സഹകരണ സംഘം രജിസ്റ്റർ സമർപ്പിച്ച ഏകീകൃത സോഫ്റ്റ് വെയറിനായുള്ള പുതുക്കിയ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയും മുൻ സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ Request for Proposal(RFP) തയ്യാറാക്കി 03.11.2025-ന് e-tender website-ൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ടെൻഡർ നടപടികൾ ചോദ്യം ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. ടെൻഡർ നടപടികൾ ചോദ്യം ചെയ്തുകൊണ്ടുള്ള കേസുകളിൽ, ടെൻഡർ വിജ്ഞാപനവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാനോ ടെൻഡർ അന്തിമമാക്കാനോ പാടില്ലായെന്ന ബഹു. ഹൈക്കോടതി ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ മേഖലയുടെ വർദ്ധിച്ച വരുന്ന ആവശ്യങ്ങൾ പരിഗണിച്ചു ടെൻഡർ നടപടികൾ പുനരവലോകനം ചെയ്യുന്നതിനെക്കുറിച്ച് സർക്കാർ പരിഗണിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി 18 മാസം കൊണ്ട് പൂർത്തിയാക്കാനായിരുന്നു മുൻ സർക്കാർ ലക്ഷ്യമിട്ടിരുന്നതെങ്കിലും കഴിഞ്ഞ അഞ്ച് മാസമായി ഇതിന്റെ തുടർനടപടികൾ പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം ഘട്ടങ്ങൾ പൂർത്തീകരിച്ചുവെന്നും ബാക്കി പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്ന ഈ സുപ്രധാന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ